**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5044** **20-03-2025 - ൽ മറുപടിയ്ക്ക്**

**വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന്റെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | വളയം ഐ.ടി.ഐ. കെട്ടിട നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ.; | (എ) | വളയം ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | അവശേഷിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | വളയം ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ജല ലഭ്യതയ്ക്കായുള്ള കിണർ നിർമ്മാണം, കെട്ടിടത്തിലേക്കുള്ള റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയായതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ഐ.ടി.ഐയ്ക്ക് കൈമാറേണ്ടതുണ്ട്. മേൽപ്രവൃത്തികൾ പൂർത്തായതിന് ശേഷമേ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |
| (സി) | പ്രസ്തുത കെട്ടിടം എന്ന് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | വളയം ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, ജല ലഭ്യതയ്ക്കായുള്ള കിണർ നിർമ്മാണം, കെട്ടിടത്തിലേക്കുള്ള റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയായതിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് ടി കെട്ടിടം പൊതുമരാമത്ത് വകുപ്പ് ഐ.ടി.ഐയ്ക്ക് കൈമാറേണ്ടതുണ്ട്. മേൽപ്രവൃത്തികൾ പൂർത്തായതിന് ശേഷമേ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ